മികവിന്റെ പാതയിലൂടെ
ഗവ. എൽ.പി.എസ്. കോട്ടുകാൽ

* പരിസ്ഥിതി സൗഹൃദ വിദ്യാലയ അന്തരീക്ഷം വിദ്യാലയത്തിന്റെ സമസ്ത മേഖലകളിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നു.
* ഐസിടി സാദ്ധ്യതകൾ പ്രയോജന പ്പെടുത്തികൊണ്ടുള്ള ബോധന രീതി കുട്ടികളുടെ ആരോഗ്യ പരിപാലന ത്തിനായി സ്പെഷ്യൽ ബോധവത്ക രണ ക്লാസുകൾ.
* സമ്പൂർണ ശുചിത്വം പ്ലാസ്റ്റിക് / കീട നാശിനി മുക്ത സ്കൂൾ പരിസരം.
* കുട്ടികളുടെ മാനസികവും ശാരീരിക വുമായ ഉല്ലാസത്തിനായി വിവിധ തരം കളിസാമഗ്രികൾ പ്രയോജന പ്പെടുത്തികൊണ്ടുള്ള കളികൾ.
* ഹരിത വിദ്യാലയം എന്ന ആശയ സാക്ഷാത്കാരത്തിന്റെ ഭാഗമായി സ്കൂൾ വളപ്പിൽ വൃക്ഷതൈകൾ നട്ടു പിടിപ്പിച്ചു.
* പരിസ്ഥിതി സൗഹൃദപരമായ വിദ്യാലയ അന്തരീക്ഷം ഒരുക്കുന്ന തിനായി ഹരിതസേനയുടെ രൂപീക രണവും പ്രവർത്തനങ്ങളും
* സ്കൂൾ ലൈബ്രറി
* സൗജന്യ പാഠപുസ്തം
* സജന്യ യൂണിഫോം
* പ്രഭാത ഭക്ഷണം
* കമ്പ്യൂട്ടർ ലാബ്
* സയൻസ് ലാബ്
* ഗണിത ലാബ്
* സ്മാർട്ട് ക്ലാസ് റൂമുകൾ
* പ്രതിമാസ പഠനയാത്രകൾ
* കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്
* മികച്ച അച്ചടക്കം
* എല്ലാ റൂട്ടിലേയ്ക്കും സ്കൂൾ ബസ്
* ഡാൻസ് പരിശീലനം
* ഡെയ്‌ലി ക്വിസ് പ്രോഗ്രാമുകൾ
* മികച്ച പ്രീ-പ്രൈമറി വിദ്യാഭ്യാസ
* വിദ്യാരംഗം
* ഗാന്ധി ദർശൻ
* വിവിധ മത്സര പരീക്ഷകൾ
* വിവിധ ക്ലബ്ബുകൾ
  * ഗണിത ക്ലബ്
  * സോഷ്യൽ ക്ലബ്
  * ഐ.റ്റി. ക്ലബ്
  * കാർഷിക ക്ലബ്
  * ആർട്ട്സ് ക്ലബ്
  * ഇംഗ്ലീഷ് ക്ലബ്
  * ശുചിത്വ ക്ലബ്
  * കായിക ക്ലബ്
  * സയൻസ് ക്ലബ്
* ദിനാഘോഷങ്ങൾ

ഈ സ്ഥാപനത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് സഹായിക്കുന്ന അദ്ധ്യാപകരും മറ്റ് ജീവനക്കാരും

Best Outgoing Students

Devananda R.D.

Abhijith.A.

CLASS TOPPERS

Sreenidhi S.V. (I A)

Sreehari R.B. (I B)

Evania Banerjee (II A)

Aathmika.A.B. (II B)

Poornima S.R. (III A)



Sarin.S. (III B)



Devananda R.D. (IV A)

Ashik Reji (IV B)

സംയുക്ത ഡയറി പ്രകാശനം

സ്കൂൾ കൃഷി

വരയുത്സവം പ്രീ-പ്രൈമറി

പെൺകുട്ടികൾക്കായുള്ള കളരിപ്പയറ്റ് പരിശീലനം

പഠന മികവ്
അദ്ധ്യാപകർ നൽകുന്ന സമ്മാനത്തിന് അർഹരായവർ

1 എ & ബി
1. ശ്രീനിധി എസ്.വി.
2. ആദിദേവ് എസ്.എ.
3. ഗംഗ എ.ഗോകുൽ
4. അഭിമന്യു എ.പി.
5. മുഹമ്മദ് അജ്മൽ എ.
6. ശ്രീഹരി ആർ.ബി.
7. ശിവാനന്ദ് എസ്.

2 എ & ബി
1. ഇവാനിയ ബാനർജി
2. ആഗ്നേയ വി.എസ്.
3. പ്രയാഗ എ. പ്രശോഭ്
4. സൂരജ് എസ്.എസ്.
5. ശിവകാർത്തിക്
6. ആത്മിക എ.ബി
7. അർജ്ജുൻ എസ്.എസ്

3 എ & ബി
1. പൂർണിമ എസ്.ആർ
2. കൃഷ്ണേന്ദു എസ്. പ്രദീപ്
3. ദീന എസ്.വി
4. കാർത്തിക് പി
5. സാരംഗ്
6. സരിൻ എസ്.
7. ശിവാനി എസ്.രാഹുൽ

4 എ & ബി
1. ദേവനന്ദ ആർ.ഡി
2. വൈഗ എസ്.ഷാജി
3. അഭിജിത്ത്.എ.
4. ആവണി എസ്.എ.
5. ദിയ എസ്.കുമാർ
6. ആഷിക് റെജി
7. കൃഷ്ണജിത്ത് പി.

എൽ.എസ്.എസ്. വിജയി - 2023

കാശിനാഥ് പി.

Typesetting and Design: Remya.R, Adobe Online Service Centre, Uchakkada & Chavadinada, 8921112073

മയിൽപ്പീലി

കോട്ടുകാൽ ഗവ. എൽ.പി.സ്കൂൾ മുഖപത്രം

വാർഷിക പതിപ്പ് 2023-2024

വാർത്താപത്രിക

ഗവ. എൽ. പി. സ്കൂൾ, കോട്ടുകാൽ, കോട്ടുകാൽ പി. ഒ. പുന്നക്കുളം

പൊതു വിദ്യാഭ്യാസം മുൻബഞ്ചിലേക്ക്

കേരളത്തിന്റെ സാംസ്കാരിക സാമൂഹിക നവോത്ഥാനത്തിൽ പൊതു വിദ്യാഭ്യാസ മേഖല ചെലുത്തിയ സ്വാധീനം എന്തെന്ന് നമുക്കേവർക്കും അറിവുള്ളതാണ്. കാലോചിതമായ പരിഷ്ക്കരണങ്ങളിലൂടെ അവയുടെ രൂപവും ഭാവവും മാറുന്നു എന്ന് മാത്രം. പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ തകരുകയാണെന്ന് വിദ്യാഭ്യാസ കച്ചവടക്കാർ അലമുറയിട്ട് വിളിക്കുമ്പോഴും ഉയർച്ചയുടെ പടവുകൾ കയറുന്ന പൊതുവിദ്യാലയങ്ങൾക്ക് മകുടോദാഹരണമാണ് കോട്ടുകാൽ ഗവൺമെന്റ് എൽ പി സ്കൂൾ.

1994 ൽ രൂപം കൊണ്ട പുതിയ പാഠ്യ പദ്ധതി സമീപനമാണ് സ്വകാര്യ സ്കൂളുകളുടെ വളർച്ചയ്ക്ക് കാരണമായത് എന്ന വസ്തുത മറച്ച് വയ്ക്കാനാവില്ല. പരമ്പരാഗതമായി നിലവിലിരുന്ന കാണാതെ പഠിക്കുക എന്ന രീതിയിൽ നിന്നും ക്രിയാത്മകമായ പഠനത്തിലേക്കുള്ള ചുവടുമാറ്റമായിരുന്നു ആ പാഠ്യ പദ്ധതിയുടെ സവിശേഷത. എന്നാൽ പെട്ടെന്ന് ഉള്ള ആ മാറ്റം ഉൾക്കൊള്ളാൻ പലർക്കും സാധിച്ചില്ല. സമീപനത്തിന്റെ നല്ല വശങ്ങളെ ഉൾക്കൊള്ളാതെ കാണാതെ പഠിക്കാൻ മാത്രം അവസരമൊരുക്കുന്ന അൺ എയ്ഡഡ് സ്കൂളുകളിലേക്ക് തങ്ങളുടെ കുട്ടികളെ അയയ്ക്കാൻ രക്ഷകർത്താക്കൾ തയ്യാറായി പിന്നീട് അതൊരു സംസ്കാരമായി മാറി. കൂടുതൽ ഫീസും മികച്ച യൂണിഫോമും സ്കൂൾ ബസ് സൗകര്യവും ഒരുക്കുന്ന. മികച്ച വിദ്യാഭ്യാസ കച്ചവട സ്ഥാപനങ്ങളിലേക്ക് കുട്ടികളെ അയയ്ക്കാൻ രക്ഷിതാക്കൾ മത്സരിച്ചു. അങ്ങനെ സ്റ്റാറ്റസ് സിമ്പലായി മാറി അവിടുത്തെ നോട്ടുബുക്കുകളുടെ കനവും ഹോംവർക്കുകളുടെ ദൈർഘ്യവും കണ്ട് രക്ഷിതാക്കൾ സന്തോഷിച്ചു. കുട്ടി എന്ത് പഠിക്കുന്നു എന്നതിലല്ല എവിടെ പഠിക്കുന്നു എന്നതിലായി രക്ഷിതാക്കളുടെ ചിന്ത.

ഈ വസ്തുതകൾ ഇന്ന് പഴങ്കഥയാകുകയാണ്. ഭാരതത്തിന് ആകെ മാതൃകയായ പുതിയ പാഠ്യപദ്ധതിയുടെ മേന്മ രക്ഷിതാക്കൾ തിരിച്ചറിഞ്ഞു കഴിഞ്ഞു. അറിവിന്റെ വിശാലതയിലേക്ക് അധ്യാപകർ കുട്ടിയെ കൈപിടിച്ചുയർത്തുകയാണ്. സമൂഹത്തിലേക്ക് ഇറങ്ങിചെല്ലുന്ന അവർ മത്സര പരീക്ഷകളിലെന്ന പോലെ ജീവിത പരീക്ഷകളിലും വിജയതിലകമണിയുകയാണ്. സ്വാർത്ഥ ചിന്തകൾ വെടിഞ്ഞ് കുടുംബത്തേയും സമൂഹത്തേയും സ്നേഹിക്കുന്നവരായി അവർ മാറുന്നു.

ഭൗതിക സാഹചര്യങ്ങളിലും പൊതു വിദ്യാലയങ്ങൾ ഒരുപാട് മെച്ചപ്പെട്ട് കഴിഞ്ഞു. പൂർണ്ണമായും വൈദ്യുതീകരിച്ച ക്ലാസ് മുറികളും എൽ കെ ജി മുതൽ അവരുടെ കൈകളിലേക്ക് എത്തുന്ന കമ്പ്യൂട്ടറും അതിൽ ചിലത് മാത്രം. വിദ്യാർത്ഥികൾക്ക് ആവശ്യമുള്ളതെല്ലാം ഒരുക്കാൻ അദ്ധ്യാപകർ സന്നദ്ധരാണ്.

പല സ്വകാര്യ സ്കൂളുകളോടും മത്സരിച്ച് കോട്ടുകാൽ ഗവൺമെന്റ് എൽ പി സ്കൂളിലെ വിദ്യാർത്ഥികൾ നേടിയ ഉന്നത വിജയങ്ങൾ പാഠ്യപ്രവർത്തനങ്ങളിൽ ഈ പൊതുവിദ്യാലയം കൈവരിച്ച നേട്ടത്തിന് ഉദാഹരണമാണ്. എൽ.കെ.ജി. മുതൽ നാലാം ക്ലാസ്സുവരെയുള്ള പഠനത്തിനായി ഇവിടെ എത്തുന്ന കുട്ടികൾക്ക് നൽകുന്ന കരുതലും സ്നേഹവും വിജ്ഞാനവും ഈ വളർച്ചയ്ക്ക് മുതൽക്കൂട്ടാകുന്നു. പൊതുസമൂഹം ഈ വിദ്യാലയത്തിലർപ്പിച്ചിരിക്കുന്ന വിശ്വാസം നാൾക്കുനാൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വരുംകാലങ്ങളിൽ കൂടുതൽ അഭിവൃദ്ധി വിദ്യാലയത്തിന് കൈവരും എന്നതിന് രണ്ടുപക്ഷമില്ല.

ആശംസ

കോട്ടുകാൽ ഗവ. എൽ.പി.എസ്സിലെ കൊച്ചുകൂട്ടുകാർ ഒരു പത്രം പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. പ്രൈമറിതലം മുതൽ വായനാശീലം വളർത്തുന്നതിന് പത്രം നല്ല പങ്ക് വഹിക്കുമെന്നതിൽ സംശയമില്ല. വായനയിലും എഴുത്തിലും വേരൂന്നി വളർന്നാലേ കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസത്തിന്റെ ഉന്നതിയിലെത്താൻ കഴിയൂ. പലതരത്തിലുള്ള വെല്ലുവിളികൾ കൊണ്ട് സങ്കീർണ്ണമായ ഈ കാലഘട്ടത്തിൽ വളർന്നു വരുന്ന തലമുറയുടെ വിദ്യാഭ്യാസപരമായ ലക്ഷ്യങ്ങൾ പഠനത്തോടൊപ്പം രൂപപ്പെടുത്തണം. പത്രം തയ്യാറാക്കുന്നതിന് പ്രവർത്തിച്ച എല്ലാവർക്കും വായനക്കാർക്കും എന്റെ ആശംസകൾ

ചന്ദ്രലേഖ
കോട്ടുകാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

ആശംസ

കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന മികച്ച വിദ്യാലയമാണ് ഗവ. എൽ.പി.എസ്. കോട്ടുകാൽ. നിരവധി മികവാർന്ന പ്രവർത്തനങ്ങളിലൂടെ നമ്മുടെ നാട്ടിലെ സാധാരണ കുടുംബങ്ങളിലെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനും കലാകായിക രംഗങ്ങളിൽ കുട്ടികളെ പരിശീലിപ്പിക്കുന്നതിനും ഈ വിദ്യാലയം വഹിക്കുന്ന പങ്ക് എടുത്തു പറയേണ്ടത് തന്നെയാണ്. സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ സഹായ സഹകരണങ്ങൾ നൽകാനും മറ്റ് വ്യക്തികൾ സ്ഥാപനങ്ങൾ മറ്റ് പല സർക്കാർ ഏജൻസികൾ എന്നിവരുടെ സഹായം സ്കൂളിൽ പ്രയോജനപ്പെടുത്തുന്നതിനും പി ടി എ യുടെ ശക്തമായ ഇടപെടലുകൾ ഉണ്ടാകുന്നുണ്ട്. ഈ വിദ്യാലയം വികസന പാതയിൽ മുന്നേറട്ടെ എന്ന് ആശംസിക്കുന്നു.

ഹരിത
പി.ടി.എ. പ്രസിഡന്റ്

സന്ദേശം

കുട്ടികളുടെ താത്പര്യം, സന്തോഷം, കഴിവ് ഇവ കണക്കിലെടുത്തുകൊണ്ട് സജീവവും പങ്കാളിത്ത പൂർണവുമായ പഠനത്തിന് ക്ലാസ്മുറികളിൽ അവസരമൊരുക്കിയാൽ ആരോഗ്യകരവും ശക്തവുമായ ഒരു സമൂഹത്തിന് അടിത്തറ പാകാൻ സാധിക്കുമെന്നുള്ളതിൽ സംശയമില്ല. ഈ സംരംഭത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

ലേഖ.സി.
സീനിയർ ടീച്ചർ

എഡിറ്റോറിയൽ

അക്ഷരം നമുക്ക് അറിവാണ് പകരുന്നത്. അറിവിന്റെ ലോകത്ത് അഗ്നിയായി പടർന്ന് ചരിത്രത്തിന്റെ ഭാഗമാകാൻ കഴിഞ്ഞകാല പ്രവർത്തനങ്ങൾ ഗവ. എൽ.പി.എസ്സിന് ശക്തിപകരുന്നു. വിദ്യാഭ്യാസം കച്ചവടമായിരിക്കുന്ന ഇക്കാലത്ത് ഇവിടെ മൂല്യങ്ങൾക്കോ ബന്ധങ്ങൾക്കോ ഒരു വിലയും കല്പിക്കപ്പെടുന്നില്ല. ഇത്തരം വെല്ലുവിളികളെയെല്ലാം അതിജീവിച്ച് സമൂഹത്തിലെ സാധാരണക്കാരുടെ മക്കൾ പഠിക്കുന്ന സർക്കാർ സ്കൂളുകൾ ഉന്നത നിലവാരം പുലർത്തുന്നു എന്നത് അഭിനന്ദനാർഹമാണ്. കുഞ്ഞുമക്കളിൽ അന്തർലീനമായിരിക്കുന്ന കഴിവുകൾ കണ്ടെത്തി അവയെ പ്രോത്സാഹിപ്പിക്കുവാനും സർഗ്ഗവാസനകൾ വളർത്തുന്നതിനും ഗുണമേന്മയുള്ള വിദ്യാഭ്യാസം അടിസ്ഥാനപരമായി നൽകുന്നതിനും അതിലൂടെ ഭാവിതലമുറയെ വാർത്തെടുക്കുന്നതിനും മികവുറ്റ പ്രവർത്തനങ്ങൾ നടത്തി വരുന്ന ഒരു കൂട്ടം അധ്യാപകരുടെയും രക്ഷിതാക്കളുടെയും നാട്ടുകാരുടെയും നിസ്സീമമായ സഹകരണത്തിന് നന്ദി സൂചിപ്പിക്കുന്നു.

സസ്നേഹം
ഷിബു.എസ്.
പി.ടി.എ. വൈസ് പ്രസിഡന്റ്

നന്മയുടെ മാർഗ്ഗദർശി

എ. പ്രഭാകരൻ നായർ

ആശംസ

കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച നിലവാരം കാഴ്ച വക്കുന്ന ഗവ. എൽ.പി.എസ്. കോട്ടുകാലിന് എല്ലാവിധ നന്മകളും ആശംസിക്കുന്നു.

ഗീത.ജി.
വാർഡ് മെമ്പർ

അറിവിന്റെ പ്രഭ പരത്തി പുന്നക്കുളത്ത് ജ്വലിച്ച് നിൽക്കുന്ന ഗവ. എൽ.പി.എസ്. കോട്ടുകാൽ മികവിന്റെ പാതയിൽ

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന ലക്ഷ്യം നേടാനായി കുട്ടികളുടെ സമഗ്ര വികാസം ലക്ഷ്യമാക്കിയുള്ള പാഠ്യപദ്ധതിയും പഠന പ്രവർത്തനങ്ങളുമാണ് ഗവ.എൽ.പി.എസ്. കോട്ടുകാലിൽ നടന്നുവരുന്നത്. കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്താൻ നിരവധി പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. അതോടൊപ്പം തന്നെ പാഠ്യേതര പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിവരുന്നു. കൃത്യമായ ആസൂത്രണപ്രവർത്തനങ്ങളിലൂടെ സ്കൂളിനെ മികവിന്റെ പാതയിലേക്ക് നയിക്കാൻ കഴിയുന്നു എന്നുള്ളത് അഭിമാനം നൽകുന്നു. കോട്ടുകാൽ ഗവ.എൽ.പി.എസിന്റെ പ്രവർത്തനങ്ങൾ വിജയിപ്പിക്കുവാൻ സർവ്വാത്മനാ സഹകരിച്ചുകൊണ്ടിരിക്കുന്ന അദ്ധ്യാപകർ, രക്ഷകർത്താക്കൾ, ജനപ്രതിനിധികൾ, സമൂഹത്തിലെ മറ്റ് അഭ്യുദയ കാംക്ഷികൾ എന്നിവരുടെ കൂട്ടായ്മയും സഹകരണവും വരുംവർഷങ്ങളിലും ഉണ്ടാകുമെന്ന ഉറച്ച വിശ്വാസത്തോടെ കോട്ടുകാൽ ഗവ. എൽ.പിഎസിന്റെ മുഖപത്രമായ മയിൽപ്പീലി നിങ്ങൾക്കായി സമർപ്പിക്കുന്നു.

ബാല്യമനസ്സുകളിലെ സർഗ്ഗശേഷി തളിരിടുന്നതാണ് ഇതിലെ ഉള്ളടക്കം.

ആശംസകളോടെ
ദീപ എസ്.എസ്.
ഹെഡ്മിസ്ട്രസ്

മികവിന്റെ പാതയിൽ

പ്രവേശനോത്സവം

അക്ഷരമധുരം നുകരാൻ വരുന്ന കുരുന്നുകളെ ആനയിക്കാൻ സ്കൂളും പരിസരവും അണിഞ്ഞൊരുങ്ങി. നവാഗതരെ കിരീടവും മധുരവും നൽകി സ്വീകരിച്ചു.

കൃത്യം 10 മണിക്ക് ജനപ്രതിനിധികൾ, പി.റ്റി.എ, എസ്.എം.സി., എം.പി.റ്റി.എ. അധ്യാപകർ രക്ഷിതാക്കൾ എന്നിവരുടെ അകമ്പടിയോടെ കിരീടധാരികളായ കുരുന്നുകളെ ക്ലാസ്സുകളിലേക്ക് ആനയിച്ചു. തികച്ചും ഒരുത്സവത്തിന്റെ പ്രതീതി ജനിപ്പിക്കുന്ന അന്തരീക്ഷമായിരുന്നു.

ഓണം – ദേശീയോത്സവം

ദേശീയോത്സവമായ ഓണം സമുചിതമായി ആഘോഷിച്ചു. ഓണപ്പാട്ട്, അത്തപ്പൂക്കളം, പൂക്കളത്തിന് നിറം നൽകൽ, വടം വലി മത്സരം, സുന്ദരിക്ക് പൊട്ടുതൊടൽ എന്നീ വൈവിദ്യമാർന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെട്ടു. ഓണസദ്യയും, പായസവും ഏവർക്കും നൽകി. വിജയികൾക്കുള്ള സമ്മാനദാനം നടത്തി പി ടി എ മികവാർന്ന സഹകരണം നൽകി.

ക്രിസ്തുമസ്

ക്രിസ്തുവിന്റെ ജനനം വിളിച്ചോതുന്ന ക്രിസ്തുമസ്കാലം വരെ സന്തോഷകരമായി ആഘോഷിച്ചു. ആശംസാ കാർഡ് നിർമ്മാണം, കരോൾ ഗാനങ്ങൾ, ക്രിസ്തുമസ് ട്രീ ഒരുക്കൽ, ചിത്രരചനാ മത്സരങ്ങൾ, ക്രിസ്തുമസ് സന്ദേശം നൽകൽ എന്നിവ ഈ ദിനത്തിൽ നടത്തി വിജയികൾക്ക് സമ്മാനം നൽകി.

പ്രീ പ്രൈമറി ഉത്സവങ്ങൾ

ഗവ. എൽ.പി.എസ്. കോട്ടുകാലിൽ പ്രീ പ്രൈമറി തലത്തിൽ കുട്ടികളുടെ സർവ്വതോന്മുഖ വികസനത്തിന്റെ ഭാഗമായി സ്കൂൾ തലത്തിൽ ഉത്സവ പരമ്പര തന്നെ നടത്തുകയുണ്ടായി. അതിന്റെ ഭാഗമായി ജൂലൈ മാസം 11-ാം തീയതി ഒന്നാമത്തെ ഉത്സവമായ കഥോത്സവം വളരെ വർണ്ണപകിട്ടോടെ ആഘോഷിച്ചു. എച്ച്.എം. ദീപ ടീച്ചർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജെറോം ദാസ്, വാർഡ് മെമ്പർ ശ്രീമതി ഗീത എന്നിവർ പങ്കെടുത്തു. അതിനുശേഷം കുട്ടികൾ അവരവരുടെ ഭാവനക്കനുസരിച്ച് അതിമനോഹരമായ രീതിയിൽ കഥകൾ അവതരിപ്പിച്ചു. എല്ലാ കുട്ടികളുടേയും പങ്കാളിത്തമുണ്ടായിരുന്നു. കുട്ടികൾക്ക് വേറിട്ടൊരു അനുഭവമായിരുന്നു.

രണ്ടാമത്തെ ഉത്സവമായ വരയുത്സവം സെപ്തംബർ 14-ാം തീയതി നടത്തുകയുണ്ടായി. എല്ലാവേരും ചിത്രം വരച്ച് ഇതിൽ പങ്കെടുത്തു. ഒരു കുത്തിൽ തുടങ്ങുന്ന വര പല ചിത്രത്തിന്റെയും പൂർണ്ണതയിലെത്തി. കുട്ടികളുടെ കുഞ്ഞുമനസ്സിന്റെ ഭാവയ്ക്ക് നിറപകിട്ടായി ഈ വരയുത്സവം മാറുകയുണ്ടായി.

എസ്.ആർ.ജി. യോഗങ്ങൾ

സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് എല്ലാ വെള്ളിയാഴ്ചകളിലും പ്രത്യേക യോഗം ചേർന്ന് ഒരാഴ്ചക്കാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി പഠന പ്രശ്നങ്ങൾ വിശകലനം നടത്തി അടുത്ത ആഴ്ചത്തെ പാഠഭാഗങ്ങളുടെ ആസൂത്രണം, മറ്റു പ്രവർത്തനങ്ങൾ കണ്ടെത്തൽ ദിനാചരണങ്ങൾ എന്നിവ നല്ല രീതിയിൽ ചർച്ച നടത്തി പ്രാവർത്തികമാക്കുന്നു. അക്കാദമിക് നിലവാരം ഉയർത്താനുള്ള ഒരു സംവിധാനമാണിത്.

രക്തസാക്ഷി ദിനാചരണം

രാഷ്ട്ര പിതാവിന്റെ സ്മൃതി ദിനമായി ജനുവരി 30 സ്കൂളിൽ രക്തസാക്ഷി ദിനമായി ആചരിച്ചു. സർവ്വമത പ്രാർത്ഥന ഗാന്ധി ദർശൻ ക്ലാബ്ബിന്റെ നേതൃത്വത്തിലുള്ള വിവിധ പരിപാടികൾ എന്നിവയുണ്ടായിരുന്നു. ഗാന്ധി ക്വിസ് വിജയം നേടിയവർക്ക് സമ്മാനം നൽകി.

ദിനാചരണങ്ങൾ–പരിസ്ഥിതിയോടൊപ്പം

പരിസ്ഥിതിദിന സന്ദേശം കുട്ടികളിലെത്താനായി സമീപ പ്രദേശത്തുള്ള ശാന്തിഗ്രാം സന്ദർശിക്കുകയും അവിടെ നടത്തിയ ബോധവൽക്കരണ ക്ലാസ്സിൽ പങ്കെടുക്കുകയും ചെയ്തു. തുടർന്ന് നടത്തിയ കണ്ടൽക്കാട് സന്ദർശനം കുട്ടികൾക്ക് ഒരു പുതിയ അനുഭവമായി മാറി. പരിസ്ഥിതി ബോധവൽക്കരണ കാർഡ് കുട്ടികൾ സമീപ പ്രദേശങ്ങളിലെ കടകൾ, വീടുകൾ എന്നിവിടങ്ങളിൽ കൊണ്ടുപോയ് കൊടുത്ത് പരിസ്ഥിതി സംരക്ഷണ സന്ദേശം അറിയിച്ചു.

അധ്യാപക ദിനാഘോഷം

ഗുരുവന്ദനം പരിപാടിയിലൂടെ ഈ വർഷത്തെ അദ്ധ്യാപക ദിനാഘോഷം ഗംഭീരമായി ആഘോഷിച്ചു. വിദ്യാർത്ഥികൾ തന്നെ ക്ലാസ്സുകൾ കൈകാര്യം ചെയ്തത് അവർക്ക് പുതിയൊരു അനുഭവമായി മാറി.

ഗാന്ധി ജയന്തി സേവന ദിനം

ഗാന്ധിജയന്തി ദിനമായി ഒക്ടോബർ 2 മുതൽ ഒരാഴ്ചക്കാലം സേവന വാരമായി സംഘടിക്കപ്പെട്ടു. കുട്ടികൾ ഉത്സാഹത്തോടെ സേവന പ്രവർത്തനങ്ങളിൽ പങ്കുചേർന്നു. ക്ലാസ് മുറികൾ സ്കൂൾ പരിസരം റോഡിനു സമീപം എന്നിവിടങ്ങളിൽ അധ്യാപകരും പി ടി എ അംഗങ്ങളും കുട്ടികളും ചേർന്ന് ശുചീകരണം നടത്തി ശുചിത്വ ക്ലാബ് നേതൃത്വം നൽകി. പ്രസംഗ മത്സരം, ഗാന്ധി ക്വിസ് എന്നിവ സംഘടിപ്പിച്ച് സമ്മാനം നൽകി.

വായനയുടെ വാതായനങ്ങളും കടന്ന്... വായനദിനം

വായനാദിനത്തിന്റെ ഭാഗമായി കവിയും അധ്യാപകനും സാഹിത്യകാരനുമായ കോട്ടുകാൽ ശ്രീ.ജയരാജ് കുട്ടികളുമായി സംവദിക്കുകയും വായനാദിന സന്ദേശം നൽകുകയും ക്ലാസ് ലൈബ്രറി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. പുസ്തക പ്രദർശനം, പുസ്തക തലപ്പൊലി ലൈബ്രറി സന്ദർശനം, പുസ്തക സമാഹരണം പിറന്നാളിനൊരു പുസ്തകം, മികച്ച വായനക്കാരൻ, വായനക്കാരി കണ്ടെത്തൽ, പുസ്തക ക്വിസ്, വീട്ടിലൊരു വായനശാല എന്നീ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടത്തി.

ചന്ദ്ര ദിനം

കുട്ടി നീലാംസ്ട്രോങ്ങുമായി സംവദിക്കാനുള്ള അവസരം, റോക്കറ്റ് പ്രദർശനം, ചന്ദ്രയാൻ യാത്ര വീഡിയോ പ്രദർശനം എന്നിവ നടത്തി.

ശിശുദിനം

വർണ്ണശബളമായ ഘോഷയാത്ര സംഘടിപ്പിച്ചു. ഘോഷയാത്രയിൽ കുട്ടികൾ വെള്ള വസ്തം ധരിച്ച് വിവിധരത്തിലുള്ള ബലൂണുകൾ കയ്യിലേന്തിയും നെഹറുവിന്റെ വേഷമണിഞ്ഞും ചുവന്ന റോസാപ്പൂക്കൾ ചൂടിയും നിരനിരയായി കടന്നുപോകുന്ന കാഴ്ച അതിമനോഹരമായിരുന്നു. കുട്ടികളുടെ വിവിധ കലാപരിപാടികൾ സംഘടിപ്പിച്ചു. പാഴ്സൽ വിതരണവും നടത്തി.

ബേപ്പൂർ സുൽത്താൻ– കഥാപാത്രങ്ങളിലൂടെ

ബഷീർ ചരമ ദിനത്തോടനുബന്ധിച്ച് ബഷീർ കഥാപാത്രങ്ങളുടെ പുനരാവിഷ്കരണം കുട്ടികളിലൂടെ കാണാൻ കഴിഞ്ഞത് വേറിട്ടൊരു അനുഭവമായിരുന്നു.

യുദ്ധമില്ലാ നാളേക്കുവേണ്ടി ഹിരോഷിമ – നാഗസാക്കി ദിനം

സമാധാനത്തിന്റെ സന്ദേശം ഉദ്ഘോഷിച്ചുകൊണ്ട് യുദ്ധ വിരുദ്ധ പ്രതിജ്ഞ, ഗാനാലാപനം, സന്ഡാകോ കൊക്ക് നിർമ്മാണനം യുദ്ധ വിരുദ്ധ റാലി ഇവ നടത്തി.

സ്വാതന്ത്ര്യദിനം

സ്വാതന്ത്ര്യദിനാഘോഷം പൂർവ്വാധികം ഭംഗിയായി ആഘോഷിച്ചു. എച്ച്.എം. ശ്രീമതി ദീപ ടീച്ചർ ഏവരെയും സ്വാഗതം ചെയ്തു കയും സ്വാതന്ത്ര്യത്തിന്റെ മഹത്വത്തെക്കുറിച്ച് സംസാരിക്കുകയും ചെയ്തു. പി.റ്റി.എ. പ്രസിഡന്റ് പതാകയുയർത്തുകയും ചെയ്തു. വിശിഷ്ടാതിഥികൾ ആശംസ പറയുകയും ചെയ്തു. കുട്ടികൾക്ക് മധുരവിതരണം നടത്തി.

കേരളപിറവി

ക്ലാസ്മല പത്ര പ്രകാശനം, ക്വിസ്, ചിത്ര രചനാ മത്സരം തുടങ്ങിയവ നടത്തി കേരളീയ വേഷധാരികളായ കുട്ടികൾ കൗതുകമുണർത്തി. പായസ വിതരണം നടത്തി.

റിപ്പബ്ലിക് ദിനാഘോഷം

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ ഓർമ്മ പുതുക്കുന്ന ജനുവരി 26 ദേശീയ പതാക ഉയർത്തി ആഘോഷിച്ചു. എച്ച്.എം, പി.ടി.എ. പ്രസിഡന്റ് എന്നിവർ റിപ്പബ്ലിക് ദിന സന്ദേശം നൽകി. ദേശഭക്തി ഗാനാലാപനം നടത്തി. മധുരം വിമ്പി.

ശാസ്ത്ര ക്ലബ്

കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തി നിരീക്ഷണ പരീക്ഷണ ശേഷി വർദ്ധിപ്പിച്ച് യുക്തിചിന്തയും ശാസ്ത്രീയ അവബോധവുമുള്ള ഒരു പുതുൻ തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ശ്രീമതി ചിത്ര ടീച്ചറുടെ മേൽനോട്ടത്തിൽ ശാസ്ത്ര ക്ലബ് പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ശാസ്ത്ര വിഷയങ്ങളിൽ ആഴത്തിലുള്ള അറിവ് നേടി മത്സര രംഗത്ത് പങ്കെടുക്കാനുള്ള കുട്ടികളുടെ താത്പര്യത്തെ ക്ലബ് പ്രവർത്തനങ്ങളിലൂടെ ഉത്തേജിപ്പിക്കാൻ കഴിയുന്നുണ്ട്.

സബ് ജില്ലാ ശാസ്ത്ര മേളയിൽ മികവ് തെളിയിച്ചവർ

ഗണിത ശാസ്ത്ര ക്ലബ്

ഗണിതപഠനം രസകരവും ജീവിതഗന്ധിയുമായി തീർത്ത് ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാനും, അടിസ്ഥാന ക്രിയാശേഷികൾ വളർത്തിയെടുക്കാനും ഈ ക്ലബ് ലക്ഷ്യമിടുന്നു. ഈ വർഷത്തെ ഗണിത ശാസ്ത്ര ക്ലബ് പ്രവർത്തനങ്ങൾക്ക് ശ്രീമതി സരസ്വതി ടീച്ചർ നേതൃത്വം വഹിക്കുന്നു

സബ് ജില്ലാ ഗണിത മേളയിൽ മികവ് തെളിയിച്ചവർ

സാമൂഹ്യ ശാസ്ത്ര ക്ലബ്.

ഒരു സമൂഹജീവിയായ മനുഷ്യൻ സാമൂഹ്യബോധത്തോടെ വളർച്ച പ്രാപിക്കുക എന്ന ലക്ഷ്യം കൈവരിക്കാനും സാമൂഹിക പ്രതിബദ്ധതയുള്ള ഒരു പുതു തലമുറയെ വാർത്തെടുക്കാനുള്ള കർമ്മ പദ്ധതികളുമായി സാമൂഹ്യ ശാസ്ത്ര ക്ലബ് പ്രവർത്തനങ്ങൾ ശ്രീമതി പ്രേമജ ടീച്ചറിന്റെ നേതൃത്വത്തിൽ രംഗിയായി നടന്നു വരുന്നു.

സബ് ജില്ലാ സാമൂഹ്യ ശാസ്ത്ര മളയിൽ മികവ് തെളിയിച്ചവർ

പ്രവൃത്തി പരിചയ ക്ലബ്

കുട്ടികളിൽ സൃഷ്ടിപരതയും നിർമ്മാണ വാസനയും വളർത്തി സർഗ്ഗാത്മകത മെച്ചപ്പെടുത്താൻ പ്രവൃത്തി പരിചയ ക്ലബ് ലക്ഷ്യമിടുന്നു. ശ്രീമതി ലേഖ ടീച്ചർ ഇതിന് നേതൃത്വം നൽകുന്നു.

സബ് ജില്ലാ പ്രവൃത്തി പരിചയ മേളയിൽ മികവ് തെളിയിച്ചവർ

സബ് ജില്ലാ കലോത്സവത്തിൽ മികവ് തെളിയിച്ചവർ

യുറീക്ക പഞ്ചായത്ത് തല മത്സര വിജയികൾ

സബ് ജില്ലാ കലോത്സവം സംഘനൃത്ത വിജയികൾ

സബ് ജില്ലാ കലോത്സവം ദേശഭക്തിഗാനം വിജയികൾ

വിദ്യാരംഗം കലാ സാഹിത്യ വേദി

കുട്ടികളിൽ സാഹിത്യഭിരുചി വളർത്തുക, അവരിൽ ഒളിഞ്ഞു കിടക്കുന്ന സൃഷ്ടിപരത പരിപൂർണ്ണമായി ഉപയോഗപ്പെടുത്തി സർഗ്ഗാത്മകത ഉണർത്തുക അങ്ങനെ വിവിധ കലകളുടെ ലോകത്തേക്ക് കുട്ടികളെ കൈപിടിച്ച് നടത്തുക എന്ന ലക്ഷ്യത്തോടെ വിദ്യാരംഗം കലാ സാഹിത്യ വേദി ശ്രീമതി റമീസ ടീച്ചറിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു.

ഗാന്ധിദർശൻ

രാഷ്ട്രപിതാവായ മഹാത്മാഗാന്ധിജിയുടെ ആദർശങ്ങളും സന്ദേശങ്ങളും കുട്ടികളിൽ എത്തിക്കുന്നതിലേക്കായി ഗാന്ധിദർശൻ പ്രവർത്തിച്ചുവരുന്നു. കൺവീനറായ ശ്രീമതി ശ്രീതു ടീച്ചറിന്റെ നേതൃത്വത്തിൽ സോപ്പു നിർമ്മാണം, ലോഷൻ നിർമ്മാണം തുടങ്ങിയവയും നടന്നു വരുന്നു

ആശംസകളോടെ...

കുട്ടികളുടെ സൃഷ്ടികൾ

എനിക്ക് ചിറകുണ്ടെങ്കിൽ

എനിക്ക് ചിറകു മുളച്ചാൽ ഞാൻ ഈ ഭൂമിയിലെ മനോഹരമായ കാഴ്ചകൾ കാണും. ഭൂമിയിലെ പച്ച പ്പവിരിച്ച പാടങ്ങളും കുന്നുകളും, കുളിർചോല കളും, കളകളം ഒഴുകുന്ന പുഴകളും കണ്ട് ഞാൻ എന്റെ സന്തോഷം കണ്ടെത്തും. നഗര പ്രദേശങ്ങളിലെ കാഴ്ചകളും അങ്ങോട്ടും ഇങ്ങോട്ടും ചീറിപാഞ്ഞു പോകുന്ന വാഹനങ്ങൾ കാണാനും എനിക്ക് ഇഷ്ടമാണ്. അതിനെക്കാളും നല്ലത് ഗ്രാമങ്ങളിലെ ശാന്തതയും നഗരത്തേക്കാൾ വളരെയധികം ഭംഗിയും കണ്ണിനു കുളിർമ നൽകുന്നതു മാണ് ഗ്രാമത്തിലെ കാഴ്ചകൾ...എന്റെ പിറകിലേറി അച്ഛനെയും അമ്മയെയും അനുജനെയും ഈ ഭൂമിയിലെ കാഴ്ചകളെല്ലാം കാണിക്കണമെന്നും എനിക്ക് ആഗ്രഹമുണ്ട്.

ലൈജിത്ത് എൽ 4എ

മഴവില്ല്

വാർമഴവില്ലേ മഴവില്ലേ
ഏഴു നിറമുള്ള മഴവില്ലേ
ആരു നിനക്കീ നിറമേകി
നിന്നെക്കാണാൻ എന്തുരസം
നിന്നുടെ കുടെ ആരുണ്ട്
എന്നുടെ കൂടെ കൂടാമോ
വാർമഴവില്ലേ മഴവില്ലേ

അഖിൽ സുരേഷ് (4 എ)

പൂവ്

പൂവ് നല്ല പൂവ്
എന്ത് നല്ല പൂവ്
ചന്തമുള്ള പൂവ്
ഞാൻ വച്ച പൂവ്

അനുശ്രീ എസ്.എം. (യു.കെ.ജി.)

എന്റെ അമ്മയുടെ സ്നേഹം

എന്റെ അമ്മ എനിക്ക് ദൈവമാണ്. ഞാൻ ഈ ലോകത്ത് ഏറ്റവും കൂടുതൽ സ്നേഹിക്കുന്നത് എന്റെ അമ്മയെ ആണ്. അമ്മ ഇല്ലാത്ത ഒരു ലോകം എനിക്ക് ചിന്തിക്കാൻ വയ്യ. എന്റെ എല്ലാ കാര്യങ്ങളും അമ്മ നന്നായിട്ട് ശ്രദ്ധിക്കുന്നു. എനിക്ക് അസുഖം വന്നാൽ നന്നായി ശുശ്രൂഷിക്കുന്നു. പഠിക്കാൻ സമയത്ത് എന്റെ കൂടെയിരുന്ന് എന്നെ പഠിപ്പിക്കുന്നു. ഞാൻ പറയുന്നതൊക്കെ എനിക്ക് ഉണ്ടാക്കിത്തരുന്നു. എനിക്ക് ഇത്രയും സ്നേഹമുള്ള അമ്മയെ നൽകിയതിന് ഞാനെന്നും ദൈവത്തോട് നന്ദി പറയുന്നു.

അഭിഷേക്.ജെ (4എ)

അനുഭവക്കുറിപ്പ്
കൊറോണക്കാലം

എല്ലാവരെയും പോലെ എനിക്കും പേടിയുള്ള തായിരുന്നു. സ്കൂളുമില്ലാ

റോഡുകളും കളിസ്ഥലവും എല്ലാം കാണാൻ ആഗ്രഹിച്ചിരുന്ന സമയം. ഓൺലൈൻ ക്ലാസ്സിലൂടെ കുട്ടുകാരെ കണ്ടിരുന്നു. ഒരു വർഷത്തെ കാത്തിരിപ്പിനു ശേഷം പുറത്തുപോകാൻ അവസരം കിട്ടി. അങ്ങനെ ടൂപ്പോടു പോകാൻ സാധിച്ചു. സ്കൂളുകൾ അപ്പോഴും തുറന്നില്ല. അന്നും പതിവുപോലെ രാവിലെ 6 മണിക്ക് ടൂപ്പിനു പോയി ക്ലാസ്സു കഴിഞ്ഞപ്പോൾ അമ്മ എന്നെയും ചേൻമോളെയും വിളിക്കാൻ വന്നു. ഞങ്ങൾ റോഡിലൂടെ ഓടി കളിച്ച് വരുയായിരുന്നു. അമ്മ പല തവണ ഓടരുതെന്ന് പറഞ്ഞു. ഞങ്ങൾ അത് അനുസരിച്ചില്ല. ഓടുന്ന ഓടുന്നതിനിടയിൽ ഒരു ബൈക്ക് വേഗത്തിൽ വന്നു. ഞാൻ അത് കണ്ടില്ല. അത് എന്നെ ഇടിച്ചിട്ടു. എന്റെ നെറ്റി പൊട്ടി രക്തം വന്നു. അമ്മ എന്നെ എടുത്ത് ആശുപത്രിയിൽ പോയി. പോകുന്ന വഴിയിൽ ഛർദ്ദിച്ചു കടകൾ ഒന്നും തുറന്നിരുന്നില്ല. കൈയിൽ വേറെ ഉടുപ്പുകൾ ഒന്നും ഉണ്ടായിരുന്നില്ല. സി.ടി.സ്കാൻ എടുത്തു പാട്ടിയ നെറ്റി തയ്യൽ ഇട്ടു. നല്ലൊരുടുപ്പോ, ചെരിപ്പോ, ഇല്ലാതെ വിശന്നു വലഞ്ഞ് നീരുവന്ന മുഖവുമായി കരഞ്ഞ് തളർന്ന് തിരികെ വീട്ടിലെത്തി 2020 കൊറോണ മാത്രമല്ല എനിക്ക് ഓർക്കാനുള്ളത്.

അഭിനന്ദ ആർ. (2എ)

എന്റെ അമ്മ

എന്റെ വിഷമങ്ങളും സന്തോഷവും
പങ്കുവെക്കാൻ എന്നും
എന്റെ കൂടെ ഉണ്ടാകും അമ്മ
ഞാൻ വരാൻ താമസിച്ചാൽ
എന്നെയും നോക്കി വഴിയിൽ
കാത്തിരിക്കുന്ന എന്റെ അമ്മ
എന്റെ മുഖം നോക്കി
മനസ്സ് വായിക്കുന്ന എന്റെ അമ്മ
എന്റെ കൂട്ടുകാരി
എനിക്ക് തല്ലുകൂടാനും കൂട്ടുകൂടാനും
പിന്നെ എന്നെ ചേർത്ത് പിടിക്കാനും
എന്നുംകൂടെ ഉള്ള അമ്മ
എനിക്ക് കഥ പറഞ്ഞു തരാനും
പാട്ടുപാടി ഉറക്കാനും
എന്റെ കൂടെ ഉണ്ടാകും എന്നും
എത്ര ദൂരെ ആയാലും
എന്റെ വിളികാത്തിരിക്കുന്നു
എന്റെ മാത്രം അമ്മ

ആരോമൽ ബി .രാജ് (4എ)

നിപ്പക്കാലം

ഞാൻ ഒരു ദിവസം മോവിന്റെ ചുവട്ടിൽ നിന്നും മാങ്ങ വല്ലതും ഉണ്ടോന്ന് നോക്കി മാവിന്റെ ചുവട്ടിൽ ഒരു മാങ്ങ, അത് കഴിക്കാമോയെന്ന് നോക്കി. അപ്പോൾ അത് പച്ചയായിരുന്നു. നാളെ കഴിക്കാം എന്നു ഞാൻ അമ്മയോടു പറഞ്ഞു. രാവിലെ എഴുന്നേറ്റു നോക്കി. അത് വവ്വാൽ കടിച്ചിരുന്നു. നിപ്പ ഉണ്ടായിരുന്നു. ഞാൻ അത് കഴിച്ചില്ല. പിന്നെ ഞാൻ അമ്മയോടു പറഞ്ഞു അമ്മ ഇത് എടുക്കേണ്ട ഇത് വവ്വാൽ കടിച്ചു. നമുക്ക് വേറെ എടുക്കാം. അങ്ങനെ പപ്പായ മരത്തിൽ പോയി. പഴുത്ത പപ്പായയിലും വവ്വാൽ കടിച്ചിരുന്നു. അപ്പോൾ ഞാൻ അമ്മയോടു പറഞ്ഞു അമ്മ ഇനിയും നമുക്ക് ചെറുതായ് പഴുത്തു വരുന്നത് ഉടനെ എടുത്ത് ഒരു കവറിൽ പൊതിഞ്ഞു വയ്ക്കും. അപ്പോൾ നമുക്ക് വവ്വാൽ കടിക്കാതെയും നിപ്പ പകരാതെയും കഴിക്കാം. അപ്പോൾ ഞാൻ പറഞ്ഞതു പോലെ കഴിക്കാൻ പറ്റി.

ജെസീക്ക അലക്സ് 2 എ

അമ്മ മനസ്സ്

അമ്മ തൻ സ്നേഹം
പുണ്യ സ്നേഹം
അമ്മ തൻ വാത്സല്യം
എത്ര മനോഹരം
നെഞ്ചിലെ ചൂടേകാൻ അമ്മ വേണം
അമ്മയുടെ ചുംബനം തന്നെ വേണം
മാറോടണയ്ക്കാൻ അമ്മ വേണം.
താരാട്ടു പാടാൻ അമ്മ വേണം.
അമ്മ കഥകൾ ചൊല്ലിതരും.
വീഴാതെ നടത്തുവാൻ അമ്മ വേണം
അമ്മ തൻ കരുതൽ തന്നെ വേണം
അമ്മ മനസ്സ് നല്ല മനസ്സ് (2)

ദിയ.എസ്.കുമാർ (4 എ)

മഞ്ഞുതുള്ളികൾ

രാവിലെ മഞ്ഞു പെയ്യുന്നു. അവൾ ഉണർന്നു. ചെറിയ മഞ്ഞുതുള്ളികൾ ചെടികൾക്കിടയിലൂടെ വീഴുന്നതു കണ്ട് അവൾ ആസ്വദിച്ചു നിന്നു. പ്രകാശം പരന്നു. പക്ഷികൾ പാറിപ്പറക്കുന്നു. പതുക്കെപതുക്കെ മഞ്ഞുതുള്ളികൾ മായാൻ തുടങ്ങി. അവൾക്ക് ആകെ സംശയമായി അവൾ അച്ഛനോടു ചോദിച്ചു. നേരം സന്ധ്യയായി, വീണ്ടും മഞ്ഞു മൂടുന്ന കാഴ്ച കണ്ട് അവൾ അതിശയപ്പെട്ടു. ഇരുട്ട് കൂടി വന്നു. പക്ഷികളുടെ ശബ്ദം കേൾക്കാൻ കഴിഞ്ഞില്ല. നിശബ്ദതയിൽ വീണ്ടും മഞ്ഞുതുള്ളികൾ.

പ്രയാഗ എ. പ്രഗോഷ് (2 എ)

ചിത്രശലഭം

തേൻ കുടിക്കും പൂമ്പാറ്റേ
പൂവിന് ചുറ്റും പാറി നടക്കും
വർണ്ണ ചിറകുള്ള പൂമ്പാറ്റേ
മഴവിൽ ചേലുള്ള പൂമ്പാറ്റേ

ശിവാനി ജി.ആർ (യു.കെ.ജി.)

ചിക്കുവും തണ്ടേലും

ഒരിടത്ത് ചിക്കു എന്ന് പേരുള്ള ഒരു കുട്ടി കടലിന്റെ തീരത്ത് താമസിച്ചിരുന്നു. എല്ലാ ദിവസവും ചിക്കു കടലിൽ കളിക്കാൻ പോകുമായിരുന്നു. ഒരുദിവസം ചിക്കു കടലിൽ കളിക്കാൻ പോയപ്പോൾ ഒരു ഞണ്ടിനെ പിടിച്ചു. ഞണ്ടിന്റെ ഒരു കൈയ്യിൽ പരുക്കു കൊണ്ട് കെട്ടി വീട്ടിൽ കൊണ്ടു പോയി. ഞണ്ടിന്റെ കൈയ്യിൽ കെട്ടിയ ചരടിൽ പിടിച്ചു വലിച്ച് കളിക്കുമായിരുന്നു. അങ്ങനെ കളിച്ചു കൊണ്ടിരുന്ന കൈ ഇളകിപ്പോയി. അതു കണ്ടപ്പോൾ ചിക്കുവിന് വളരെ വിഷമമായി. അവൻ അതിനെ കടലിൽ കൊണ്ടുവിട്ടു. ഞണ്ട് കടലിൽ കൂടെ ഓടിക്കളിക്കുന്നത്. കണ്ടപ്പോൾ ചിക്കുവിന് വളരെ സന്തോഷമായി. ഇനി ഒരു ജീവിയെയും വേദനിപ്പിക്കില്ലെന്ന് മനസിലുറപ്പിച്ച് ചിക്കു വീട്ടിലേക്ക് നടന്നുപോയി.

(സൂരജ് 2എ)

പഞ്ചവർണ്ണക്കിളി

പഞ്ചവർണ്ണക്കിളി തത്തേ
പച്ചനിറമുള്ള തത്തേ
പാട്ടുകൾ പാടുമെൻ തത്തേ
പാറിപ്പറക്കുമെൻ തത്തേ
പാടത്തു വന്നാലെന്റെ തത്തേ
പയർമണി തിന്നുമെൻ തത്തേ
പേരയ്ക്ക തിന്നുമെൻ തത്തേ
നെൽക്കതിർ കൊത്തുമെൻ തത്തേ
പേര പറയുമെൻ തത്തേ
മാമ്പഴം തിന്നുമെൻ തത്തേ
മുന്തിരി തിന്നുമെൻ തത്തേ
മാനത്തുടെ പാറിപ്പറക്കും തത്തേ
മുറ്റത്ത് കളിക്കുമെൻ തത്തേ
എന്റെ പഞ്ചവർണ്ണക്കിളി തത്തേ.

ആമയും പൂച്ചയും

ഒരിടത്ത് ഒരിടത്ത് ഒരു പൂച്ച ഉണ്ടായിരുന്നു. ആ പൂച്ചക്ക് ഒരു സുഹൃത്തും ഉണ്ടായിരുന്നു. ഒരു കുഞ്ഞനാമ എന്നും പൂച്ചയും ആമയും കളിക്കാൻ പോകും. ഒരുദിവസം ആമയ്ക്ക് കുറച്ച് ഭക്ഷണം കിട്ടി. അത് കണ്ട പൂച്ച അതിനും വേണമെന്ന് പറഞ്ഞു. അപ്പോൾ ആമ കൊടുത്തു. കഴിച്ചു തിന്നു ശേഷം പൂച്ചയും ആമയും അവർ 4 വർഷത്തിനു മുൻപ് ഒരു മാവിൻ തൈ നട്ടുവച്ചിരുന്നു. അതിൽ നിറയെ മാങ്ങകൾ. അവർ മാങ്ങയെയും തിന്നിട്ട് വീട്ടിലേക്ക് പോയി അങ്ങനെ അവർ രണ്ടു പേരും ചങ്ങാതിമാരായി തന്നെ കഴിഞ്ഞു.

ആഷിക് ലെജി എസ്. (4 ബി)

ഓണം

ഓണക്കാലം വന്നല്ലോ
ഓണപ്പൂക്കളും ഒരുക്കാല്ലോ
ഓണക്കളികൾ കളിക്കാല്ലോ
ഓണക്കോടി ഉടുക്കാല്ലോ

ശ്രീനിധി എസ്.വി. (1 എ)

മിക്കിപ്പൂച്ച

പണ്ട് പണ്ട് ഒരു വീട്ടിൽ ഒരു കുഞ്ഞ് പൂച്ച ഉണ്ടായിരുന്നു. ആ വീട്ടിൽ ഒരു മുത്തശ്ശി ഉണ്ടായിരുന്നു. എന്നും രാവിലെ പൂച്ച വന്ന് മ്യൂവൂ മ്യാവൂ, മ്യാവ